**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** | **13-02-2024 - ൽ മറുപടിയ്ക്ക്**

**പശ്ചാത്തല സൗകര്യ വികസനത്തിന് കിഫ്ബിയുടെ സംഭാവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സമസ്ത മേഖലകളിലും പശ്ചാത്തല സൗകര്യ വികസനം സാധ്യമാക്കി അതിലൂടെ സാമ്പത്തിക സുസ്ഥിരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളിൽ കിഫ്ബി നൽകിയിട്ടുള്ള സംഭാവനയെന്താണെന്ന് വിശദമാക്കുമോ; | (എ) | 2016-ൽ കേരള നിയമസഭ ഐകകണ്ഠേനയാണ് കിഫ്ബി ഭേദഗതി നിയമം പാസാക്കിയത്. 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് തുടക്കത്തിൽ കിഫ്ബി മുഖേന വിഭാനം ചെയ്തിരുന്നത്. എന്നാൽ വിവിധ വകുപ്പുകളിലായി 84,454.18 കോടി രൂപയുടെ 1073 പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 64,454.18 കോടി രൂപയുടെ 1066 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 20,000 കോടി രൂപയുടെ 7 പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധം 1 ൽ കാണാവുന്നതാണ്. ഇതിനോടകം 27,522.14 കോടി രൂപ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 14,830.76 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.<br><br>കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും, കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുക വഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ ആ പ്രതിസന്ധി ഘട്ടത്തിലും കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.<br><br>ഇങ്ങനെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ നിരവധി പദ്ധതികൾ യാഥാർത്ഥ്യമാവുന്നതോടൊപ്പം സാമ്പത്തിക മേഘലയെ ചലനാത്മകമാക്കാനും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സഹായകരമായി. |
| (ബി) | ദേശീയപാതയടക്കമുള്ള | (ബി) | സ്ഥലമേറ്റെടുപ്പിനുള്ള ഉയർന്ന ചെലവിന്റെ പേരിൽ പതിറ്റാണ്ടുകളായി |

| | | | |
|---|---|---|---|
| | പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി നടത്തിയിട്ടുള്ള ഇടപെടലുകൾ സംസ്ഥാനത്തിന് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | ദേശീയപാതാ വികസനം തഴയപ്പെട്ടത് സംസ്ഥാനത്തിന്റെ വർദ്ധിച്ച വന്ന ഗതാഗത ആവശ്യങ്ങൾക്ക് കടുത്ത വിഘാതവും വികസന പ്രതീക്ഷകൾക്ക് വലിയ പ്രഹരവുമായിരുന്നു. ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25% സംസ്ഥാനത്തിന്റെ വിഹിതം കിഫ്ബി മുഖേന NHAIയ്ക്ക് നൽകിയതോടെയാണ് അസാധ്യമെന്ന് കരുതിയിരുന്ന ദേശീയപാതാ വികസനം പുനരുജ്ജീവിച്ചത്. 25% സംസ്ഥാന വിഹിതമായി മൊത്തം 6769 കോടി രൂപയാണ് കിഫ്ബി മുഖേന NHAI-ക്ക് സംസ്ഥാനം അനുവദിച്ചത്. 5,580.74 കോടി രൂപ ഇതിനോടകം കൈമാറിയിട്ടുണ്ട്. ഈ തുക കിഫ്ബി സമയോചിതമായി നൽകിയതിലൂടെ, ഭൂമി ഏറ്റെടുക്കലിനായി ശേഷിക്കുന്ന 75% നൽകുവാൻ NHAI യെ നിർബന്ധിതരാക്കുകയും ദേശീയപാതാ വികസനം വേഗത്തിലാവുകയുമാണുണ്ടായത്. ഫലത്തിൽ, കിഫ്ബി അനുവദിച്ച 6,769 കോടി രൂപയുടെ ക്രൗഡിങ് എഫെക്റ്റ് (Crowding Effect) കാരണം NHAI-ൽ നിന്ന് ഭൂമി ഏറ്റെടുക്കലിനായി 20,307 കോടി രൂപയും, റോഡുകളുടെ നിർമ്മാണത്തിനും അനുബന്ധ ചെലവുകൾക്കുമായി ഏകദേശം 34,500 കോടി രൂപയുടെ അധിക നിക്ഷേപവും കൊണ്ടുവരാൻ സാധിച്ചു. ഇത്തരത്തിൽ ഏകദേശം 55,000 കോടി രൂപയുടെ മൊത്തം നിക്ഷേപം (NHAI-ൽ നിന്നുള്ള LA + നിർമ്മാണ ചെലവുകൾ) സംസ്ഥാനത്ത് ഉറപ്പുവരുത്താനും സാധിച്ചു.<br><br>ഈ ദേശീയപാതാ വികസനം കിഫ്ബി മുന്നോട്ടുവെക്കുന്ന വികസന ഇടനാഴികൾ, ഗിഫ്റ്റ് സിറ്റി, വ്യാവസായിക പാർക്കുകൾ തുടങ്ങി മറ്റ് വലിയ വികസന പദ്ധതികൾക്കും വളരെ നിർണ്ണായകമാണ്. |
| (സി) | ദേശീയപാത വികസനം ത്വരിതഗതിയിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ ചെലവ് സംസ്ഥാനം വഹിച്ചിരുന്നോ; എങ്കിൽ ഈയിനത്തിൽ ചെലവഴിച്ച തുക കൂടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | മറ്റ സംസ്ഥാനങ്ങൾ ദേശീയപാതാ വികസനത്തിൽ ബഹുദൂരം മുന്നേറിയപ്പോഴും കേരളത്തിന് ഈ മേഖലയിൽ കാര്യമായി മുന്നോട്ട് പോകുവാൻ കഴിഞ്ഞിരുന്നില്ല. മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള ചിലവ് കൂടുതലാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് ചൂണ്ടിക്കാണിക്കുകയുണ്ടായി. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായി നേരിട്ട് നടത്തിയ ചർച്ചകളിലാണ് ആകെ ചിലവിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാം എന്ന ധാരണയായത്. തുടർന്ന് 2019 ഒക്ടോബർ മൂന്നിന് കേന്ദ്ര റോഡ് ഗതാഗത-ഹൈവേ മന്ത്രാലയവും സംസ്ഥാന സർക്കാരും കിഫ്ബിയും തമ്മിൽ ഒരു ത്രികക്ഷി സാമ്പത്തിക പങ്കാളിത്ത കരാർ ഒപ്പിടുകയും, കിഫ്ബി വഴി NHAI യ്ക്ക് കൃത്യസമയങ്ങളിൽ 5,580.74 കോടി രൂപ ഇതിനോടകം കൈമാറിയിട്ടുമുണ്ട്.<br><br>മേൽ വിശദീകരിച്ച ദേശീയപാതാ വികസനം യാഥാർത്ഥ്യമായത് പദ്ധതിയ്ക്ക് ആവശ്യമായ തുക സമയോചിതമായി NHAI യ്ക്ക് നൽകാൻ കിഫ്ബി മുഖേന സാധിച്ചതിനാലാണ്. ധനവിപണിയിൽ നിന്നും ദീർഘകാല വായ്പകളായി സമാഹരിക്കുന്ന പണമാണ് കിഫ്ബി പദ്ധതികൾക്കായി ഉപയോഗിക്കുന്നത്. NHAI യ്ക്ക നൽകിയ തുകയും ഇത്തരത്തിൽ വായ്പയായി സമാഹരിച്ചതാണ്. പൂർണ്ണമായും NHAI ചെലവിൽ നടപ്പിലാക്കേണ്ടിയിരുന്ന കേരളത്തിലെ ഈ ദേശീയപാതാ വികസനത്തെ, സംസ്ഥാനം തങ്ങളാൽ കഴിയുംവിധം സഹായിക്കുകയാണ് ഉണ്ടായത്.<br><br>എന്നാൽ കിഫ്ബിയുടെ വായ്പകളെ എല്ലാം സംസ്ഥാനത്തിന്റെ കടമായി കണക്കാക്കുന്ന സമീപനമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 293(1) പ്രകാരം സംസ്ഥാനത്തിന് അതിന്റെ സഞ്ചിതനിധിയുടെ പുറത്ത് ഇന്ത്യ രാജ്യത്തിനകത്തുനിന്നും ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | | | വായ്പകൾക്ക് ഗ്യാരന്റി നൽകുവാൻ അധികാരമുണ്ട്. സംസ്ഥാനത്തിന്റെ നിയമനിർമ്മാണ സഭയ്ക്ക് ഈ ഗ്യാരന്റിയുടെ പരിധി നിശ്ചയിക്കാൻ അധികാരമുണ്ട്. ഇത്തരത്തിലുള്ള ഗ്യാരന്റിയാണ് കിഫ്ബി, സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനി എന്നിങ്ങനെയുള്ളവ മുഖേനയുള്ള വായ്പകൾക്ക് സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇവ സംസ്ഥാനത്തിന്റെ നേരിട്ടുള്ള വായ്പകളല്ല. ഇവ സംസ്ഥാനത്തിന്റെ കണ്ടിജന്റ് ലയബിലിറ്റികൾ മാത്രമാണ്. ഈ ഗ്യാരന്റികൾ ഫിനാൻസ് കമ്മീഷൻ നിഷ്കർഷിക്കുന്ന GSDPയുടെ 3.5% എന്ന വായ്പ പരിധിയിൽ ഉൾപ്പെടുത്താൻ പാടില്ല. ഇതിനെല്ലാം പുറമെ നിയമപരമായി സംസ്ഥാന സർക്കാരിനു നൽകേണ്ട തുകകൾ നൽകുന്നതിലും കേന്ദ്ര സർക്കാർ വീഴ്ച വരുത്തുന്നു. ഭരണഘടനപരമായ സംസ്ഥാനത്തിന്റെ അവകാശങ്ങളിലേക്ക് എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് കേന്ദ്ര സർക്കാർ നിലവിൽ ചെയ്തുവരുന്നത്. ഇത്തരത്തിലുള്ള നീക്കങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| KIIFB Approved Projects & Disbursement Status | | | |
|---|---|---|---|
| **Status of KIIFB Approved projects - Department Wise** | | | |
| **Department** | **KIIFB Approved Projects** | | |
| | **No. of Projects Approved** | **Approved Amount (₹ Cr)** | **Disbursed Amount (₹ Cr)** |
| Public Works | 494 | 30,916.75 | 7,358.47 |
| Industries | 1 | 62.16 | - |
| Water Resources | 96 | 6,719.78 | 2,717.95 |
| General Education | 146 | 3,030.76 | 1,897.04 |
| Power | 18 | 5,200.00 | 1,616.33 |
| Health & Family Welfare | 74 | 5,779.33 | 1,388.13 |
| Information Technology | 3 | 1,412.86 | 628.27 |
| Higher Education | 62 | 1,811.86 | 567.84 |
| Sports & Youth Affairs | 39 | 846.53 | 307.02 |
| Forest | 4 | 458.82 | 270.92 |
| Local Self Government | 23 | 735.65 | 183.17 |
| Fisheries & Port | 26 | 522.19 | 181.41 |
| Cultural Affairs | 17 | 484.87 | 177.96 |
| Ayush | 2 | 183.06 | 129.97 |
| Coastal & Inland Navigation | 11 | 2,302.12 | 92.64 |
| Scheduled Caste & Scheduled Tribe | 10 | 182.23 | 77.90 |
| Transport | 3 | 600.98 | 54.61 |
| Labour & Skills | 5 | 85.91 | 53.00 |
| Registration | 6 | 88.65 | 47.11 |
| Tourism | 13 | 583.97 | 51.97 |
| Devaswom | 2 | 138.51 | 42.20 |
| Home | 6 | 225.19 | 32.78 |
| Revenue | 2 | 32.62 | 20.20 |
| Agriculture | 1 | 21.43 | 11.77 |
| Animal Husbandry | 1 | 10.24 | - |
| Backward Class Development | 1 | 17.73 | - |
| **Sub - Total** | **1066** | **64,454.18** | **17,908.67** |

| Projects under Land Acquisition Pool of ₹ 20,000 Crore | | | |
|---|---|---|---|
| PWD-NHAI | 1 | 6769.01 | 5580.74 |
| Industries (under LA pool) | 6 | 16108.16 | |
| *Industrial Parks - 3 projects - ₹13988.63 Cr* | | | 2963.53 |
| *Taking over of land from HNL - ₹200.60 Cr* | | | 145.6 |
| *i - Banglore Industrial Corridor & Gift City - ₹1918.93 Cr* | | | 923.6 |
| **Total** | **7** | **22,877.17** | **9,613.47** |

| KIIFB Approved Projects - Grand Total | | | |
|---|---|---|---|
| Infrastructure Projects | 1066 | 64,454.18 | 17,908.67 |
| Projects under Land Acquisition Pool | 7 | 20,000.00 | 9,613.47 |
| **Total** | **1073** | **84,454.18** | **27,522.14** |

ACCOUNTS OFFICER